## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1591 — 2.07.2015-ലെ മറുപടിക്ക്

### ക്ഷീരകർഷകർക്ക് കാലിത്തീറ്റ ലഭ്യമാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എസ്.ശർമ്മ<br>ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ)<br>ശ്രീ.ബി.ഡി.ദേവസ്സി<br>ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻ നായർ: | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ക്ഷീരകർഷകർക്ക് ആവശ്യമായി വരുന്ന കാലിത്തീറ്റ ലഭ്യമാക്കാൻ മിൽമയ്ക്ക് കഴിയുന്നുണ്ടോയെന്ന് അറിയിക്കുമോ ; | (എ) ഇല്ല. എന്നാൽ മിൽമയുടെ ക്ഷീരസംഘങ്ങളിൽ നിന്നും മിൽമയ്ക്ക് ലഭിക്കുന്ന ഇൻഡെന്റുകൾ മുഴുവനായും വിതരണം ചെയ്യുവാൻ സാധിക്കുന്നുണ്ട്. |
| (ബി) ഇല്ലെങ്കിൽ മിൽമയുടെ കാലിത്തീറ്റ നിർമ്മാണശേഷി വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ അധികാരമേറ്റതിനുശേഷം സ്വീകരിച്ച നടപടികളെ സംബന്ധിച്ച് വിശദീകരണം നല്കാമോ ; | (ബി) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം മിൽമ കാലിത്തീറ്റ ഫാക്ടറികളുടെ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി കേന്ദ്ര-കേരള സർക്കാരുകളുടെ ഭാഗികമായ സാമ്പത്തിക സഹായത്തോടു കൂടി മലമ്പുഴ കാലിത്തീറ്റ ഫാക്ടറിയിലും പട്ടണക്കാട് കാലിത്തീറ്റ ഫാക്ടറിയിലും പുതിയ മൊളാസസ് ടാങ്കുകൾ, നവീകരിച്ച ലബോറട്ടറി സംവിധാനങ്ങൾ, എൻ.ഐ.ആർ അനലൈസർ പോലുള്ള അത്യാധുനിക ഉപകരണങ്ങൾ സ്ഥാപിക്കൽ, പട്ടണക്കാട് കാലിത്തീറ്റ ഫാക്ടറിയിലെ പെലറ്റ് മിൽ, അനുബന്ധ ഉപകരണങ്ങൾ എന്നിവയിലെ പഴകിയ യന്ത്രസാമഗ്രികൾ മാറ്റിസ്ഥാപിക്കൽ എന്നിവ നടപ്പാക്കിയിട്ടുണ്ട്. കൂടാതെ ഹാമർ മിൽ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.<br>മലമ്പുഴ കാലിത്തീറ്റ ഫാക്ടറിയിൽ പുതിയതായി ബൈപാസ് പ്രോട്ടീൻ പ്ലാന്റ്, ധാന്യങ്ങൾ സൂക്ഷിക്കുന്നതിനുള്ള പുതിയ സൈലോ സ്ഥാപിക്കുന്നതിനുള്ള നടപടികൾ, പട്ടണക്കാട് കാലിത്തീറ്റ ഫാക്ടറിയിൽ പുതിയ ഡി.ഒ.ആർ.ബി സൈലോ സ്ഥാപിക്കുന്നതിനുള്ള നടപടികൾ, എന്നിവയും സ്വീകരിച്ചിട്ടുണ്ട്. ഇതിനു പുറമെ മലമ്പുഴ ഫാക്ടറിയിലെ പഴയ പെലറ്റ് മില്ലും മാറ്റി |

സ്ഥാപിക്കുന്നതിനുള്ള നടപടിയും കൈക്കൊണ്ടിട്ടുണ്ട്.

(സി) **മിൽമ ഇപ്പോൾ കാലിത്തീറ്റ ഉല്പാദിപ്പിക്കുന്ന പ്ലാന്റുകളുടെ വിശദാംശങ്ങൾ നല്കാമോ; ഇവ ഓരോന്നിലും എത്രമാത്രം അളവിൽ കാലിത്തീറ്റ ഉല്പാദിപ്പിക്കപ്പെടുന്നുവെന്ന കണക്ക് ലഭ്യമാക്കാമോ ?.**

(സി) മിൽമയുടെ കീഴിൽ ആലപ്പുഴയിലുള്ള പട്ടണക്കാട് കാലിത്തീറ്റ ഫാക്ടറി,പാലക്കാട് ജില്ലയിലെ മലമ്പുഴ കാലിത്തീറ്റ ഫാക്ടറി എന്നിങ്ങനെ രണ്ട് കാലിത്തീറ്റ ഫാക്ടറികളാണ് പ്രവർത്തിക്കുന്നത്. ഈ ഫാക്ടറികളുടെ ഓരോന്നിന്റെയും സ്ഥാപിത ശേഷി പ്രതിദിനം 300 മെട്രിക് ടൺ ആണ്. കഴിഞ്ഞ സാമ്പത്തികവർഷത്തിൽ ആകെ 126769.14 മെട്രിക് ടൺ കാലിത്തീറ്റ മിൽമ വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ 67162.91 മെട്രിക് ടൺ മലമ്പുഴ കാലിത്തീറ്റ ഫാക്ടറിയും 59606.23 മെട്രിക് ടൺ പട്ടണക്കാട് കാലിത്തീറ്റ ഫാക്ടറിയുമാണ് വിതരണം ചെയ്തിട്ടുള്ളത്.

സെക്ഷൻ ഓഫീസർ